File No.TCPCTP/557/2020-C3

മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കോട്ടയം ജില്ല - പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് - പനച്ചിക്കാട് വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/10/19 , 25/01/2020 തീയതികളിലെ A1/3466/2019 നമ്പർ കത്തുകൾ.

2. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 22/02/2020-ലെ TCPKTM/69/2020-C നമ്പർ കത്ത്.

കെട്ടിടനിർമ്മാണ അപേക്ഷ വിഭാഗം.

ഉത്തരവ് നം. **TCPCTP/557/2020-C3** തീയതി : **27/04/2020**

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പനച്ചിക്കാട് വില്ലേജിൽ റീ സർവ്വേ നമ്പർ 463/3-ൽ ഉൾപ്പെട്ട സ്ഥല ഉടമയുടെ പേരിലുള്ള ആകെ 5653 m^2 വസ്തുവിൽ നിന്നും 810 m^2 സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 21.29 m^2, കനോപ്പി 221 m^2 ഉൾപ്പെടെ ആകെ 242.29 m^2 വിസ്തീർണ്ണമുള്ള BPCL -ന്റെ **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ടെറിട്ടറി മാനേജർ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ. 2011-ലും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. ചട്ടം 61 (5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി, ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി എന്നിവ ആവശ്യമാണ്.

3. ചട്ടം 61 (10) പ്രകാരം പെട്രോൾ ടാങ്കുകളുടെയും, വെന്റ് പൈപ്പുകളുടെയും സ്ഥാനവും നിർമ്മാണവും പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കണം.
4. ചട്ടം 61 (17) പ്രകാരം മലിനജലത്തിന്റെ ശുചീകരണം വഴിയുള്ള പുനരുൽപ്പാദനത്തിന്റെ സംവിധാനം സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. നിർദ്ദിഷ്ട നിർമ്മാണം കെ .പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
6. KPBR 2011 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 64/2020 ഇതോടൊപ്പം ചേർക്കുന്നു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസെറ്റ് പ്ലാൻ

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 013 തിരുവനന്തപുരം

ജയശ്രീ. പി.ആർ,
ടൗൺ പ്ലാനർ

സെക്രട്ടറി,
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

പകർപ്പ് : 1) ടെറിറ്ററി മാനേജർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്,
ഇരുമ്പനം (പി.ഒ), എറണാകുളം-682309
2) ടൗൺ പ്ലാനർ, കോട്ടയം.
3)വെബ് സൈറ്റ്.
4) കരുതൽ ഫയൽ.
5) അധികം.